**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 608** **17-09-2025 - ൽ മറുപടിയ്ക്ക്**

**കേരള സോപ്പ് ആൻഡ് ഓയിൽ ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് കേരള സോപ്പ് ആൻഡ് ഓയിൽ ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനത്തിൽ 2021 മുതൽ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (എ) | കേരള വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (കെ.എസ്.ഐ.ഇ) -ന്റെ ഒരു യൂണിറ്റാണ് നിലവിൽ കോഴിക്കോട് പ്രവർത്തിക്കുന്ന കേരള സോപ്പ്. ആയതിന്റെ വികസനത്തിനായി 2021-ൽ കേരള സർക്കാർ 250 ലക്ഷം രൂപ പ്ലാൻ ഫണ്ട് ആയി അനുവദിക്കുകയുണ്ടായി. സർക്കാർ നിർദ്ദേശ പ്രകാരം Board of Public Sector Transformation (BPT) കേരള സോപ്പിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ അവലോകനം ചെയ്യാറുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 2021-ൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കേരള സോപ്പിൽ ലിക്വിഡ് സോപ്പ് നിർമ്മാണ ഡിവിഷൻ സ്ഥാപിക്കുകയുണ്ടായി. തുടർന്ന് കേരള സാൻഡൽ ഹാൻഡ് വാഷ്, ലിക്വിഡ് ഡിറ്റർജന്റ്, ഫ്ലോർ ക്ലീനർ, ഡിഷ് വാഷ് ലിക്വിഡ് മുതലായ ഉത്പന്നങ്ങളുടെ വ്യാവസായി കാടിസ്ഥാനത്തിലുള്ള നിർമ്മാണവും വിപണനവും ആരംഭിക്കുകയും ചെയ്തു. കേരള സോപ്പ് ഉല്പന്നങ്ങൾ ഇന്ത്യ ഒട്ടാകെയും ഇന്ത്യയ്ക്ക് പുറത്തും ലഭ്യമാക്കുന്നതിന് പ്രമുഖ വിതരണ ശൃംഖലകളുമായി കൈകോർത്തു. നിലവിൽ കേരള സോപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആഗോളതലത്തിൽ കേരളത്തിന്റെ പൈതൃക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തിനുള്ള ചുവടുവയ്പ്പായി, ആദ്യ ഘട്ടത്തിൽ ഓസ്ട്രേലിയ, ന്യൂസിലാൻഡ്, യൂറോപ്പ് എന്നിവിടങ്ങളിൽ ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള ധാരണാപത്രം കേരള സോപ്പ്സും ആഗോള വ്യാപാര കമ്പനിയായ ആർ. ജി ഗ്രൂപ്പും തമ്മിൽ ഒപ്പുവച്ചു. 31 ഓളം രാജ്യങ്ങളിലായുള്ള ആർ.ജിയുടെ സ്ഥാപിത കയറ്റുമതി ചാനലുകൾ വഴി ലോകമെമ്പാടുമുള്ള പുതിയ ഉപഭോക്താക്കളിലേക്ക് പ്രശസ്തമായ കേരള |

| | | | |
|---|---|---|---|
| | | | സാൻഡൽ സോപ്പ് ഉൾപ്പടെയുള്ള ഉത്പന്നങ്ങൾ എത്തിക്കാൻ ഇത് വഴി തെളിക്കും. കേരള സോപ്സ് യൂണിറ്റ് ലാഭത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. |
| (സി) | സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ജീവനക്കാരുടെ തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി വിവിധ നടപടികൾ കമ്പനി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാർക്കുവേണ്ടി നിയമപ്രകാരമുള്ള EPF, ESI Contributions കമ്പനി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ